**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** | **18-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ എസ് സി ഉന്നതികളുടെ നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും വിവിധ വർഷങ്ങളിലായി തെരഞ്ഞെടുത്ത എസ്.സി ഉന്നതികൾ ഏതെല്ലാമായിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധം (A) ആയി ചേർക്കുന്നു. |
| (ബി) | തെരഞ്ഞെടുക്കപ്പെട്ട ഓരോ ഉന്നതിയുടെയും നവീകരണത്തിനായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; | (ബി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മീൻകുഴി അയ്യങ്കാളി നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികൾക്ക് തുകകൾ അനുവദിച്ച എസ്.സി ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏതു വരെയായി; ഇതുവരെ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു; ഈ നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് വെച്ച തീയതി എന്നാണ്; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (സി) | വിവരങ്ങൾ അനുബന്ധം (B) ആയി ചേർക്കുന്നു. |
| (ഡി) | ഈ പ്രവൃത്തികളുടെ തുടർ നിർമ്മാണങ്ങൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് ഇനം തിരിച്ചു വിശദമാക്കാമോ? | (ഡി) | ഈ നഗറുകളിലെ പ്രവൃത്തികൾ തൽ സ്ഥിതി വെച്ച് അവസാനിപ്പിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന പ്രവൃത്തികൾ അനിവാര്യത പരിശോധിച്ച് കോർപസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം A

| ക്രമ നം | നഗറിന്റെ പേര് | വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനം | A S AMOUNT |
|---|---|---|---|---|
| 1 | മീൻകുഴി പട്ടികജാതി നഗർ | 2016-17 | പരപ്പനങ്ങാടി നഗരസഭ | 9694366 |
| 2 | അയ്യങ്കാളി പട്ടികജാതി നഗർ | 2016-17 | പരപ്പനങ്ങാടി നഗരസഭ | 1,00,00,000 |

## അനുബന്ധം B

| ക്രമ നം | നഗറിന്റെ പേര് | പ്രവൃത്തി പുരോഗതി | കരാർ തീയതി | പ്രവൃത്തി പുരോഗതി |
|---|---|---|---|---|
| 1 | മീൻകുഴി പട്ടികജാതി നഗർ | 51% | 19.11.2022 | 2016-17 വർഷത്തെ പദ്ധതി. KAICO ആയിരുന്നു ഏജൻസി. 9.11.2022ലാണ് കരാർ വച്ചത്. സമയ ബന്ധിതമായി പ്രവൃത്തി ആരംഭിച്ചില്ല.നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വീതം അഡ്വാൻസ് നൽകിയിരുന്നു. തുക അനുവദിക്കാതെ പ്രവൃത്തി ചെയ്യാൻ ഏജൻസി തയാറാകാത്തതിനെ തുടർന്ന് 17.06.2023 ന് ഡയറക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ ഈ നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ തൽ സ്ഥിതി വെച്ച് നിർത്തലാക്കുന്നതിന് തീരുമാനം ആയിട്ടുള്ളതാണ്. 51,53,245 രൂപയുടെ പാർട്ട് ബില്ല് ഏജൻസി സമർപ്പിച്ചത് ബഹു.എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ 27.02.2023 ന് ചേർന്ന മോണിട്ടറിംഗ് കമ്മിറ്റി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| 2 | അയ്യങ്കാളി പട്ടികജാതി നഗർ | | | 4 തവണ ടെൻഡർ വിളിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിട്ടില്ല എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | ആയതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല |

.

**<u>അനുബന്ധം A</u>**

| ക്രമ നം | നഗറിന്റെ പേര് | വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനം | A S AMOUNT |
|---|---|---|---|---|
| 1 | മീൻകുഴി പട്ടികജാതി നഗർ | 2016-17 | പരപ്പനങ്ങാടി നഗരസഭ | 9694366 |
| 2 | അയ്യങ്കാളി പട്ടികജാതി നഗർ | 2016-17 | പരപ്പനങ്ങാടി നഗരസഭ | 1,00,00,000 |

**<u>അനുബന്ധം B</u>**

| ക്രമ നം | നഗറിന്റെ പേര് | പ്രവൃത്തി പുരോഗതി | കരാർ തീയതി | പ്രവൃത്തി പുരോഗതി |
|---|---|---|---|---|
| 1 | മീൻകുഴി പട്ടികജാതി നഗർ | 51% | 19.11.2022 | 2016-17 വർഷത്തെ പദ്ധതി. KAICO ആയിരുന്നു ഏജൻസി. 9.11.2022ലാണ് കരാർ വച്ചത്. സമയ ബന്ധിതമായി പ്രവൃത്തി ആരംഭിച്ചില്ല.നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വീതം അഡ്വാൻസ് നൽകിയിരുന്നു. തുക അനുവദിക്കാതെ പ്രവൃത്തി ചെയ്യാൻ ഏജൻസി തയാറാകാത്തതിനെ തുടർന്ന് 17.06.2023 ന് ഡയറക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ ഈ നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ തൽ സ്ഥിതി വെച്ച് നിർത്തലാക്കുന്നതിന് തീരുമാനം ആയിട്ടുള്ളതാണ്. 51,53,245 രൂപയുടെ പാർട്ട് ബില്ല് ഏജൻസി സമർപ്പിച്ചത് ബഹു.എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ 27.02.2023 ന് ചേർന്ന മോണിട്ടറിംഗ് കമ്മിറ്റി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| 2 | അയ്യങ്കാളി പട്ടികജാതി നഗർ | | | 4 തവണ ടെൻഡർ വിളിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിട്ടില്ല എന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല |

.